പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2381

11.10.2011 ൽ മറുപടി നൽനൽകേണ്ടിയിരുന്നത്.

ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.പി.കെ.അബ്ദുറബ്ബ്, (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് കേരളത്തിൽ നിന്ന് എത്ര കുട്ടികൾ അർഹത നേടിയിട്ടുണ്ട് ; എന്ന് മുതലാണ് പ്രസ്തുത സ്കോളർഷിപ്പ് ആരംഭിച്ചത് ; | (എ) യും (ബി) യും | കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ സ്കോളർഷിപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ പബ്ളിക് - പ്രൈവറ്റ് പാർട്ണർഷിപ്പ് രീതിയിൽ പൊതു സമൂഹത്തിന്റെ പങ്കാളിത്ത ത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീം കേരള സംസ്ഥാന ഉന്നത വിദ്യാ ഭ്യാസകൗൺസിൽ വഴിയാണ് നടപ്പി ലാക്കുന്നത്. ആദ്യഘട്ടത്തിൽ ഹ്യുമാനിറ്റീസ്,സോഷ്യൽ സയൻസ്, സയൻസ്, ബിസിനസ് സ്റ്റഡീസ് എന്നീ സ്ട്രീമുകളിൽ ബിരുദ കോഴ്സുകൾക്കും ബിരുദാനന്തര കോഴ്സുകൾക്കും ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് കോഴ്സുകൾക്ക് പഠി ക്കുന്ന വിദ്യാർത്ഥികൾക്ക് മെരിറ്റ് കം മീൻസ് അടിസ്ഥാനത്തിലാണ് ഈ സ്കോളർഷിപ്പുകൾ നൽകുന്നത്. 2010 ജനുവരി 3-ാം തീയതി ബഹു. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ഉത്ഘാടനം നിർവ്വഹിച്ച ഈ പദ്ധതിയിൻ കീഴിൽ 2009-10 അക്കാ ദമിക് വർഷം 6 വിദ്യാർത്ഥികൾക്കും 2010-11 അക്കാദമിക് വർഷം 1006 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പു കൾ നൽകി. ഈ അക്കാദമിക് വർഷം 2006 വിദ്യാർത്ഥികൾക്കായിരിക്കും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുക. അതായത്, 1000 ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് പുതിയ സ്കോളർഷിപ്പ് നൽകുന്നതോടൊപ്പം മുൻ വർഷങ്ങ ളിൽ സ്കോളർഷിപ്പ് ലഭിച്ച 1006 |

വിദ്യാർത്ഥികൾക്ക് അർഹതയ്ക്ക് വിധേയമായി ഈ സ്കോളർഷിപ്പുകൾ റിന്യൂ ചെയ്ത് നൽകുകയും ചെയ്യും. ഒന്നാം വർഷ ഡിഗ്രിയ്ക്ക് 12000/ രൂപയും രണ്ടാംവർഷ ഡിഗ്രിയ്ക്ക് 18000/ രൂപയും മൂന്നാം വർഷ ഡിഗ്രിയ്ക്ക് 24000/ രൂപയും ഒന്നാം വർഷ പി ജി യ്ക്ക് 40000/രൂപയും രണ്ടാംവർഷ പി ജി യ്ക്ക് 60000/രൂപയുമാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്.

(ബി) ഓരോ വർഷവും സ്കോളർഷിപ്പ് ലഭിച്ചവരുടെ എണ്ണം അറിയിക്കാമോ; വർഷം എത്ര രൂപയാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത് ;

(സി) കഴിഞ്ഞ 2 ഗഡു സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാതിരുന്നത് എന്നറിയിക്കാമോ; എത് വർഷത്തെ തുകയാണ് അവസാനമായി വിതരണം ചെയ്തത് ;

(സി) ഇല്ല. 2010 –2011 അക്കാദമിക് വർഷത്തെ തുകയാണ് അവസാനമായി വിതരണം ചെയ്തത്.

(ഡി) കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പ് വിതരണം ചെയ്യാനുള്ള തുക കൃത്യമായി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ തുക ലഭിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(ഇ) മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രസഹായത്തിനായി ദൽഹി സന്ദർശനം നടത്തിയ അവസരത്തിൽ പ്രസ്തുത സ്കോളർഷിപ്പ് തുക നേടിയെടുക്കാൻ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

(ഡി) യും (ഇ) യും ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പ്രത്യേകം അപേക്ഷ സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ